സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, മാവേലിക്കര
ഇ-മെയിൽ: eemvka.tdb@kerala.gov.in
ഫോൺ: 0479 2303767

---

## ലേല പരസ്യം

**അമ്പലപ്പുഴ** ഗ്രൂപ്പിൽ പെട്ട **കളർകോട് ദേവസ്വത്തിലെ ശ്രീകോവിൽ പൊളിച്ച ഇനത്തിൽ ലഭിച്ച തടി ഉരുപ്പടികൾ** 2022ാം-മാണ്ട് **മെയ് മാസം 18ാം**- തീയതി രാവിലെ **10.30** മണിക്ക് **കളർകോട് ദേവസ്വത്തിൽ** വെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 10.30 മണിക്ക് മുൻപായി **കളർകോട് ദേവസ്വത്തിൽ** ഹാജരായി **900/-** രൂപ നിരത ദ്രവ്യം കെട്ടി വെച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്.

അന്നേ ദിവസം (2022ാം-**മാണ്ട് മെയ് മാസം 18ാം**- തീയതി ) ഉച്ചക്ക് **01.00** മണിക്ക് **ഹരിപ്പാട്** ഗ്രൂപ്പിൽ പെട്ട **വലിയകുളങ്ങര ദേവസ്വത്തിലെ പഴയ ടവറിന്റെ ഇരുമ്പു ഭാഗങ്ങൾ, വലിയകുളങ്ങര ദേവസ്വത്തിൽ വെച്ച്** പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം ഉച്ചക്ക് **01.00** മണിക്ക് മുൻപായി **വലിയകുളങ്ങര ദേവസ്വത്തിൽ** ഹാജരായി **2,100/-** രൂപ നിരത ദ്രവ്യം കെട്ടി വെച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്.

കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതും ടിയാൻ ലേല തുകയുടെ 50%വും ലേലം പിടിക്കുന്ന മൊത്തം തുകയുടെ 18% GST യും ഉടനടി കെട്ടിവെക്കേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്ന വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ നീക്കം ചെയ്ത് കൊണ്ട് പോകേണ്ടതാണ്. ലേലം വിളി കേൾക്കുന്നയാളിന്റെ ഒഴിച്ച് മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് അമ്പലപ്പുഴ/ഹരിപ്പാട് അസിസ്റ്റൻറ് എൻജിനീയർ ആഫീസിൽ നിന്നോ ഈ ആഫീസിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്തു അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
മാവേലിക്കര

മാവേലിക്കര
10/05/2022